"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - തിരുവനന്തപുരം ജില്ലയിലെ ഒറ്റശേഖരമംഗലം ഗ്രാമപഞ്ചായത്തിലെ ലൈഫ് ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ട ശ്രീ. ഫ്രാൻസിസ് ആർ, തടത്തരികത്ത് വീട്ടിലിൽ -ന്, ലൈഫ് പദ്ധതി പ്രകാരം ആദ്യം തന്നെ വീട് നിർമ്മിക്കുന്നതിന് ധനസഹായം നൽകുന്നതിന് പ്രത്യേക അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ(ഡിഇ) വകുപ്പ്**

സ.ഉ.(സാധാ) നം.2553/2024/LSGD തീയതി,തിരുവനന്തപുരം, 28-12-2024

---

പരാമർശം:-

1. ഒറ്റശേഖരമംഗലം ഗ്രാമപഞ്ചായത്തിന്റെ 11/06/2024 ലെ സാധാരണ യോഗത്തിന്റെ 12(4) നമ്പർ തീരുമാനം.
2. ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 26/11/2024 ലെ 4446/സി.സി/2019/ലൈഫ്(2) നമ്പർ കത്ത്.
3. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 05/12/2024 ലെ യോഗത്തിന്റെ ഖണ്ഡിക (4.39) തീരുമാനം.

**ഉത്തരവ്**

തിരുവനന്തപുരം ജില്ലയിൽ ഒറ്റശേഖരമംഗലം ഗ്രാമപഞ്ചായത്തിലെ ലൈഫ് 2020 ഭൂമിയുള്ള ഭവനരഹിതരുടെ പട്ടികയിൽ ക്രമ നം. 395 ആയി ഉൾപെട്ടിട്ടുള്ള ആറ്റൂർ വലിയവിള തടത്തരികത്ത് വീട്ടീൽ ശ്രീ. ഫ്രാൻസിസ് ആർ തെങ്ങിൽ നിന്നും വീണ് നട്ടെല്ല് പൊട്ടി കിടപ്പിലാണെന്നും അടച്ചുറപ്പില്ലാത്ത സുരക്ഷിതമല്ലാത്ത ഒറ്റമുറി വീട്ടിലാണ് ടിയാനും ഭാര്യയും മകനും മകളുമെന്നതിനാൽ, ലൈഫ് ഭവനപദ്ധതിയിൽ മുൻഗണന നൽകാനുള്ള നടപടി സ്വീകരിക്കുന്നതിനായി വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ പരിഗണനയ്ക്ക് നൽകുവാൻ ഒറ്റശേഖരമംഗലം ഗ്രാമപഞ്ചായത്ത് പരാമർശം 1 പ്രകാരം തീരുമാനമെടുക്കുകയും നിലവിലെ അവസ്ഥ പരിഗണിച്ച് ശ്രീ. ഫ്രാൻസിസ് ആർ ന്റെ കുടുംബത്തിന് വീട് നിർമ്മാണത്തിന് ധനസഹായം അനുവദിക്കുന്നതിന് പ്രത്യേക പരിഗണന നൽകാവുന്നതാണെന്ന് പരാമർശം 2 പ്രകാരം ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ശിപാർശ ചെയ്യുകയും ചെയ്തു.

വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 05/12/2024 ലെ യോഗം ഈ വിഷയം പരിശോധിച്ചു. തിരുവനന്തപുരം ജില്ലയിൽ ഒറ്റശേഖരമംഗലം ഗ്രാമപഞ്ചായത്തിലെ ലൈഫ് 2020 ഭൂമിയുള്ള ഭവനരഹിതരുടെ പട്ടികയിൽ ക്രമ നം. 395 ആയി ഉൾപ്പെട്ട ആറ്റൂർ വലിയവിള തടത്തരികത്ത് വീട്ടിൽ ശ്രീ. ഫ്രാൻസിസ്. ആർ ന് ലൈഫ് പദ്ധതി പ്രകാരം ആദ്യം തന്നെ വീട് നിർമ്മിക്കുന്നതിന് ധനസഹായം നൽകുന്നതിന് പ്രത്യേക അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലീന എൻ പി
അഡിഷണൽ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ് തിരുവനന്തപുരം

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ, തിരുവനന്തപുരം

സെക്രട്ടറി, ഒറ്റശേഖരമംഗലം ഗ്രാമപഞ്ചായത്ത്, തിരുവനന്തപുരം

ശ്രീ. ഫ്രാൻസിസ് ആർ (സെക്രട്ടറി, ഒറ്റശേഖരമംഗലം ഗ്രാമപഞ്ചായത്ത് സെക്രട്ടറി മുഖേന)

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് തിരുവനന്തപുരം

സ്റ്റേറ്റ് പെർഫോമൻസ്ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ& ഇ)/ഓഡിറ്റ്), തിരുവനന്തപുരം

തദ്ദേശ സ്വയംഭരണ(ഡി.എ) വകുപ്പ്.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

ഇൻഫർമേഷൻ ഓഫീസർ, വെബ്&ന്യൂ മീഡിയ, ഐ&പി.ആർ.ഡി, തിരുവനന്തപുരം

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Sheeba. S. C
Date: 31-12-2024 14:09:51
സെക്ഷൻ ഓഫീസർ